ഭക്ഷ്യവസ്തുക്കളുടെ സംസ്കരണത്തിന് ലഭിക്കുന്ന ധനസഹായം

18 [5574] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
,, ടി. വി. ചന്ദ്രമോഹൻ:
,, എ. കെ. മണി:
,, സി. പി. മുഹമ്മദ്:
,, തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ പദ്ധതി അനുസരിച്ച് ഭക്ഷ്യ വസ്തുക്കളുടെ സംസ്കരണത്തിന് എന്തു തുക വരെ ധനസഹായം ലഭിക്കും എന്ന് വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്ത് പ്രസ്തുത ധനസഹായം ലഭിച്ചിട്ടുള്ള എത്ര ഭക്ഷ്യ സംസ്കരണ സ്ഥാപനങ്ങളുണ്ട്;

(സി) കേന്ദ്രത്തിന്റെ ഈ പദ്ധതിയെപ്പറ്റി സംസ്ഥാനത്ത് വിപുലമായ പ്രചരണം കൊടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഉണ്ടെങ്കിൽ എപ്രകാരമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയത്തിന്റെ വിവിധ പദ്ധതികളനുസരിച്ച് ഭക്ഷ്യ വസ്തുക്കളുടെ സംസ്കരണത്തിനായി വ്യവസായം തുടങ്ങുന്നവർക്ക് മൂലധന രൂപത്തിലുള്ള ഉപകരണങ്ങൾക്കും, സാങ്കേതിക സിവിൽ ജോലികൾക്കും വേണ്ടിയുള്ള ചെലവിന്റെ 25%, പരമാവധി 50 ലക്ഷം രൂപ എന്ന പരിധിക്ക് വിധേയമായി ധനസഹായം ലഭിക്കും.

(ബി) കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയത്തിൽ നിന്ന് ലഭിച്ച കണക്ക് പ്രകാരം പ്രസ്തുത ധനസഹായം ലഭിച്ചിട്ടുള്ള 25 ഭക്ഷ്യസംസ്കരണ സ്ഥാപനങ്ങൾ സംസ്ഥാനത്തുണ്ട്.

(സി, ഡി) കേന്ദ്രത്തിന്റെ ഭക്ഷ്യസംസ്കരണ വ്യവസായ വികസനത്തിനുള്ള വിവിധ പദ്ധതികളുടെ സംസ്ഥാനത്തെ നോഡൽ ഏജൻസിയായി കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷനെ (കിൻഫ്ര) ചുമതലപ്പെടുത്തിയിട്ടുണ്ട്.

ടി പദ്ധതികളെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്ന ഒരു പുസ്തകം തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ പകർപ്പുകൾ എല്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾക്കും ലഭ്യമാക്കിയിട്ടുണ്ട്.

ടി പദ്ധതികളെപ്പറ്റിയുള്ള ബോധവൽക്കരണത്തിനായി കിൻഫ്രയുടെ ആഭിമുഖ്യത്തിൽ മീറ്റിംഗുകളും സെമിനാറുകളും സംഘടിപ്പിക്കാറുണ്ട്. വിവിധ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ സംഘടിപ്പിക്കുന്ന ഭക്ഷ്യസംസ്കരണ ബോധവൽക്കരണ പരിപാടികളിലും ടി പദ്ധതികളുടെ വിശദാംശങ്ങൾ അവതരിപ്പിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly